(ബി) വനാവകാശ നിയമമനുസരിച്ച് കൈവശ ഭൂമിയിൽ നിന്നും വൃക്ഷങ്ങൾ സ്വന്തം ആവശ്യത്തിന് മുറിക്കുന്നതിനുള്ള അനുവാദം ലഭ്യമാക്കേണ്ടതുണ്ട്.

(സി) ആദിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ ചിട്ടയായി നടന്നുവരുന്നതിനാൽ പരാമർശിച്ച സാഹചര്യം നിലവിലില്ല.

ആദിവാസി ശിശുമരണങ്ങൾ

193(2238). ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ആകെ എത്ര ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ ഏത് ആദിവാസി സങ്കേതത്തിലാണ് ഉണ്ടായത് എന്ന് പറയാമോ;

(സി) അമ്മമാരിലും ശിശുക്കളിലുമുള്ള പോഷകാഹാരക്കുറവും വൈദ്യസഹായക്കുറവും മൂലമാണ് ശിശുമരണം സംഭവിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ആദിവാസി മേഖലയിൽ പോഷകാഹാരം നൽകുന്നതിനും വൈദ്യസഹായം നൽകുന്നതിനും 2015-16 വർഷത്തിൽ എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചു എന്നതും വിശദമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ഏതെങ്കിലും ഒരു ഊരു കേന്ദ്രീകരിച്ച് മാത്രം ശ്രദ്ധേയമായ രീതിയിൽ ശിശുമരണം സംഭവിച്ചിട്ടില്ല.

(സി) പോഷകാഹാര കുറവ് മാത്രം കാരണമായി ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടില്ല. മരണമടഞ്ഞ കുട്ടികൾക്ക് ഗുരുതരമായ മറ്റ് ആരോഗ്യപ്രശ്നങ്ങൾ കൂടി ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. വൈദ്യ സഹായം ലഭ്യമാക്കിയിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽമാത്രം ശിശുമരണങ്ങൾ നടന്നിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)

പദ്ധതി	2015-16 (ലക്ഷം)	
	ഫണ്ട്നൽകിയവ	ചെലവഴിച്ചവ
സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി	1300	1219.65
സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം	120	46
ജനനി ജന്മരക്ഷാ പദ്ധതി	655	609.7

ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ

194(2239) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം സുഗമമാക്കുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെ കുറിച്ച് എന്തെങ്കിലും പഠനം നടത്തിയതിനുശേഷമാണോ പ്രഖ്യാപനം നടത്തിയത് ; വിശദാംശം വ്യക്തമാക്കാമോ;

(സി) എങ്കിൽ ആദിവാസി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സാദ്ധ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആധുനിക വിദ്യാഭ്യാസ രീതിയും ഗോത്രവർഗ്ഗ സംസ്കൃതിയും തമ്മിലുള്ള അന്തരം കാരണം ചില ആദിവാസി കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് ഇതുസംബന്ധിച്ച പഠനം നടത്തി വകുപ്പ് ഉരുകുലം എന്ന വിദ്യാഭ്യാസ പദ്ധതിക്ക് രൂപം കൊടുത്തത്. ലോക പ്രശസ്തി

LIBRARY ARCHIVES Kerala Legislative Assembly